**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1703** **01.11.2019 ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം.ഷാജി** | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി)** |
| (എ) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ല. |
| (ബി) പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ എത്ര തസ്തിക സൃഷ്ടിക്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം 331 ഗ്രാമ പഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാന സർക്കാർ e-governance നു പ്രാമുഖ്യം നൽകുകയും സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും e-office സമ്പ്രദായം നടപ്പിലാക്കാനായി ത്വരിത നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണ തോതിൽ പ്രവർത്തിച്ച് തുടങ്ങുന്നതോടെ പഞ്ചായത്തുകളിലും ജോലി ഭാരം കുറയുകയും നിലവിലുള്ള ക്ലാർക്കുമാരുൾപ്പെടെ ജീവനക്കാർക്ക് തന്നെ ടൈപ്പിംഗ് ജോലികളും സ്വയം ചെയ്യാനാകുന്നതുമാണ്. ഇ-ഓഫീസ് സമ്പ്രദായം പഞ്ചായത്തിൽ പൂർണ്ണമായ തോതിൽ പ്രവർത്തിച്ച് തുടങ്ങുന്നതോടെ ടൈപ്പിസ്റ്റ് തസ്തിക പ്രസക്തമല്ലാതാകുന്നതും നികുതി നൽകുന്ന പൊതുജനത്തിന് യാതൊരു അധിക സേവനവും നൽകാൻ കഴിയാതെ കേവലം അധിക ബാധ്യത മാത്രമായി ടി തസ്തിക മാറുകയും ചെയ്യും. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തൊട്ടാകെ ഇ-ഗവേർണൻസ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് പകരം ഓരോ വകുപ്പുകളിലും നിലവിലുള്ള അധിക തസ്തികകൾ കണ്ടെത്തി പുനർവിന്യാസം വഴി ഒഴിവുകൾ നികത്തുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. |
| (ഡി) | പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നായതിനാൽ പ്രസ്തുത ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിനായി പുതിയ ടൈപ്പിസ്റ്റ് തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

**ഭരണഭാഷ-മാതൃഭാഷ**

ഇ10-21788/2014
കാര്യാലയം

പഞ്ചായത്ത് ഡയറക്ടറുടെ

തിരുവനന്തപുരം, തീയതി:
14.05.2018

ഇ-മെയിൽ: [illegible]
ഫോൺ - 0471 2321054

പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ്/ ക്ലാർക്ക് ടൈപ്പിസ്റ്റ്/ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിന് മാനദണ്ഡം തയ്യാറാക്കി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. സർക്കാരിന്റെ 09.02.2018 -ലെ 120/ഇപിഎ1/15/തസ്വഭവ നമ്പർ കത്ത്.
2. സർക്കാരിന്റെ 21.01.2016, 27.08.2016, 20.09.2016 തീയതികളിലെ 120/ ഇപിഎ1/15/തസ്വഭവ നമ്പർ കത്തുകൾ.
3. ഈ ആഫീസിലെ 24.11.2016 തീയതിയിലെ ഇതേ നമ്പർ കത്ത്.
4. സർക്കാരിന്റെ 21.12.2016 -ലെ 120/ഇപിഎ1/15/തസ്വഭവ നമ്പർ കത്ത്.
5. സർക്കാരിന്റെ 29.03.2017-ലെ 120/ഇപിഎ1/15/തസ്വഭവ നമ്പർ കത്ത്.
6. ഈ ആഫീസിലെ 30.12.2017 തീയതിയിലെ ഇതേ നമ്പർ കത്ത്.

സൂചന (1) ലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (1) ൽ ആവശ്യപ്പെട്ട റിപ്പോർട്ട് താഴെപറയും പ്രകാരം സമർപ്പിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ 30.12.2017 -ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. ഈ ഓഫീസിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച സർക്കാർ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കേണ്ട ആവശ്യകതയുള്ള ഗ്രാമപഞ്ചായത്തുകളും അപ്രകാരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കി പ്രൊപ്പോസൽ പുനർസമർപ്പിക്കാൻ സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 14 ജില്ലകളിൽ നിന്നും ജില്ലാ മേലധികാരികൾ വഴി ലഭിച്ചിട്ടുള്ള റിപ്പോർട്ട് ചുവടെ ചേർത്തു സമർപ്പിക്കുന്നു.

ഗ്രാമപഞ്ചായത്തുകളിൽ ക്ലറിക്കൽ തസ്തികയിലെ ജീവനക്കാരാണ് ഇപ്പോൾ ടൈപ്പിസ്റ്റുമാരുടെ ചുമതലകൾ നിർവഹിക്കുന്നത്. സർക്കാരിൽ നിന്നും വകുപ്പു മേലധികാരികളിൽ നിന്നും മറ്റ് ആഫീസുകളിൽ നിന്നും, അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുമ്പോഴും, ഇ-മെയിൽ മുഖാന്തിരം റിപ്പോർട്ട് അവശ്യപ്പെടുമ്പോഴും, വേഗതയിൽ റിപ്പോർട്ട് ആവശ്യപ്പെടുമ്പോഴും ആയത് ലഭ്യമാക്കുന്നതിന് നിലവിലെ സംവിധാനത്തിൽ കാലതാമസം നേരിടുന്നു. ഭൂരിഭാഗം ക്ലർക്കുമാർക്കും ഡി.റ്റി.പി പരിജ്ഞാനം ഇല്ലാത്തതിനാൽ യഥാസമയം ടൈപ്പിംഗ് ജോലികൾ സമയബന്ധിതമായി തീർക്കുന്നതിന് സാധിക്കാതെ വരുന്നു. കൂടാതെ

ഗ്രാമപഞ്ചായത്തുകളിൽ ഇ-മെയിൽ പ്രിന്റ് എടുക്കുക, ആയത് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുക എന്നിവ അതത് ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥിരമായി ഒരു ജീവനക്കാരൻ വന്നാൽ ഉത്തരവാദിത്വത്തോട് കൂടി ടി ജോലികൾ ചെയ്ത് തീർക്കുവാൻ കഴിയും. നിലവിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് വേണ്ട യോഗ്യതകൾ ഒന്നും തന്നെ നിഷ്കർഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കണ മെന്ന് ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

പഞ്ചായത്ത് ഓഫീസുകളുടെ നിലവിലെ ജോലിഭാരവും, പഞ്ചായത്തുകൾ പൂർണ്ണമായും ഡിജിറ്റലൈസ്ഡ് ആക്കി കൊണ്ടിരിക്കുന്ന സാഹചര്യം എന്നിവ പരിഗണിക്കുമ്പോൾ സർക്കാർ പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികൾ ഏറ്റെടുത്ത് കാര്യക്ഷമമായി പൂർത്തീകരിക്കൽ ടൈപ്പിംഗ് ജോലികൾ ചെയ്യുന്നതിന് പുതിയ തസ്തികകൾ സഹായകരമാകും. നിലവിൽ പഞ്ചായത്തുകളിലെ ടൈപ്പിംഗ് ജോലികൾ ചെയ്തുകൊണ്ടിരിക്കുന്ന ക്ലറിക്കൽ തസ്തികയിലെ ജീവനക്കാരുടെയും ജോലിഭാരം ലഘൂകരിക്കപ്പെടുമ്പോൾ പൊതുജനങ്ങൾക്ക് ആവശ്യമുള്ള സേവനം കൂടുതൽ സമയബന്ധിതമായി നൽകാൻ സാധിക്കും.

ഈ തസ്തിക അനുവദിച്ച് കിട്ടുകയാണെങ്കിൽ പഞ്ചായത്തുകളിൽ വളരെയേറെ ജനസൗഹൃദമായി മാറ്റിയിട്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കഴിയും. നിലവിൽ ഓരോ ദിവസവും റൊട്ടേഷൻ വ്യവസ്ഥയിലാണ് ജീവനക്കാർ ഫ്രണ്ട് ഓഫീസിൽ ജോലി ചെയ്യുന്നത് ഒരു സ്ഥിരം തസ്തിക ലഭിക്കുകയാണെങ്കിൽ ആയത് ഗ്രാമപഞ്ചായത്തുകളെ കൂടുതൽ ജനസൗഹൃദമാക്കി മാറ്റും.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അംഗങ്ങൾ തുടങ്ങി ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് വിവിധ ജനകീയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഓഫീസുകളിൽ പോകേണ്ടിവരുമ്പോൾ നിവേദനങ്ങൾ, പരാതികൾ എന്നിവ തയ്യാറാക്കുന്നതിന്റെ ആവശ്യകത ഉണ്ടാകുന്നു. ഗ്രാമപഞ്ചായത്ത് കമ്മറ്റി, വിവിധ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരെ നേരിൽ കണ്ട് നൽകേണ്ടുന്ന തീരുമാനങ്ങൾ, നിവേദനങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവർക്ക് നൽകേണ്ട കത്തുകൾ, തീരുമാനങ്ങൾ എന്നിവ സുഗമമായി തയ്യാറാക്കുന്നതിന് ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിലൂടെ സാധിക്കും. 14 ജില്ലകളിലായി 331 ഗ്രാമപഞ്ചായത്തുകൾ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം.
2. ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി.
3. 6 ക്ലറിക്കൽ തസ്തികയെങ്കിലുമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കു ന്നതിന് പരിഗണന നൽകാവുന്നതാണ്.
4. ജനസംഖ്യ, വാർഡുകളുടെ എണ്ണം (13 വാർഡുകളിൽ കൂടുതൽ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കാവുന്നതാണ്).
5. വ്യവസായികവും, വാണിജ്യപരവുമായ മുന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.

(1) <u>തസ്തിക സൃഷ്ടിക്കുന്ന ഓരോ ഗ്രാമപഞ്ചായത്തിനും ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത</u>

നിലവിൽ ടൈപ്പിസ്റ്റിന്റെ ശമ്പള സ്കെയിൽ - 19000-43600

നിലവിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന്
തീരുമാനം കൈകൊണ്ട ഗ്രാമപഞ്ചായത്തുകൾ - 331

<u>ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വർഷവും അധികമായി ഉണ്ടാകുന്ന സാമ്പത്തികാവശ്യം</u>

| | | |
|---|---|---|
| അടിസ്ഥാന ശമ്പളം | - | 19000 |
| ഡി.എ. 14% | - | 2660 |
| അലവൻസ് | - | 250 |
| **ആകെ** | | 22910 |

ഒരു വർഷം ഉണ്ടാകുന്ന അധിക
ബാധ്യത - 22910 $ 12 = 2,74,920

അതീവ സങ്കീർണ്ണമായതും ശ്രദ്ധ ആവശ്യമുള്ളതുമായ അനവധിയായ പ്രവൃത്തികൾ നിലവിൽ പഞ്ചായത്ത് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. നിരവധിയായ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, പദ്ധതി രൂപീകരണം, നിർവ്വഹണം, ആയതുമായി ബന്ധപ്പെട്ട അനവധിയായ കത്തിടപാടുകൾ, പെൻഷൻ ഡാറ്റാ എൻട്രി, ഓഡിറ്റ് മറുപടികൾ തുടങ്ങിയ ടൈപ്പിംഗ് ആവശ്യമായ പ്രവൃത്തികൾ നിലവിൽ ക്ലറിക്കൽ തസ്തികയിലെ ജീവനക്കാരാണ് ചെയ്തു വരുന്നത്. ടൈപ്പിംഗിൽ പ്രാവീണ്യവും പരിശീലനവും ലഭിക്കാത്തതിനാൽ മേൽ പ്രവൃത്തി സമയനഷ്ടത്തിനും സെക്ഷൻ ചുമതലകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനും കാരണമാകുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് ഉചിതമായിരിക്കുമെന്ന വിവരം തുടർ റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

എം.പി.അജിത്കുമാർ

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

പിറ്റിക്കെ/17/4/18

Danya M
സെക്ഷൻ ഓഫീസർ